No.QIP-VI-77359

Director of Public Instruction
Thiruvananthapuram
Dtd: 07/11/2008

# സർക്കുലർ

**വിഷയം: ദേശീയ ഭൂവിഭവ സംരക്ഷണ വാരാഘോഷം 2008 നവംബർ 14 മുതൽ 20 വരെ**

**സൂചന: സംസ്ഥാന ഗവൺമെന്റിന്റെ നം.പി.ജി(1)18292/ 08നം.01/11/2008-ലെ കത്ത്**

രാഷ്ട്രത്തിന്റെ അഭ്യുന്നതിയ്ക്ക് അടിത്തറയായി വർത്തിക്കേണ്ട പ്രകൃതി വിഭവങ്ങൾ ഗുരുതരമായ തോതിൽ നാശോന്മുഖമായികൊണ്ടിരിക്കുകയാണ്. ഭൂതലത്തിൽ ജീവന്റെ ഭദ്രമായ നിലനിൽപ്പ് ഉറപ്പാക്കുന്നത് മണ്ണ്,ജലം എന്നീ പ്രകൃതി വിഭവങ്ങളുടെ ഗുണമേന്മകളും അനുപാതങ്ങളും അനുകൂലമായിരിക്കുന്നതിനാലാണ് പ്രകൃതി വിഭവങ്ങൾ അനിയന്ത്രിതമായ വിനാശങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു ഭൂപ്രദേശമെന്ന നിലയ്ക്ക് കേരളത്തിൽ മേൽപറഞ്ഞ വസ്തുതയുടെ ഗൗരവം വിവരണാതീതമാണ്. രൂക്ഷമായ വരൾച്ച, വെള്ളപ്പൊക്കം,ഭൂഗർഭജലത്തിന്റെ ക്രമാതീതമായ ശോഷണം, കാർഷികോൽപാദനക്ഷമതയിലെ വൻ ഇടിവുകൾ, ജലസംഭരണികളിലേയ്ക്കുള്ള നീരൊഴുക്കിന്റെ കുറവ്, പാരിസ്ഥിതികപ്രതിസന്ധികൾ തുടങ്ങിയ പ്രശ്നങ്ങൾ സംസ്ഥാനത്തെ സാമാന്യ ജീവിതത്തെ നിരന്തരം വേട്ടയാടുകയാണന്ന് നമുക്കറിയാം. ഈ പ്രശ്നങ്ങളൊക്കെയും ജല ലഭ്യതയുടെ കുറവുമൂലം ഉള്ളതാണ് എന്നത് വളരെ കൗതുകകരമായ ഒരു യാഥാർത്ഥ്യമാണ്. അതും പ്രതിവർഷം **മൂവായിരത്തി ഒരുന്നൂറ് മില്ലി മീറ്ററിൽ** അധികം മഴ കിട്ടുന്നകേരളത്തിൽ മേൽ പ്രതിപാദിച്ച പ്രശ്നങ്ങൾ ഉണ്ടാകാതരിക്കത്തക്കവിധത്തിൽ മൺപാളികളിലേയ്ക്ക് മഴവെള്ളത്തെ സന്നിവേശിപ്പിക്കേണ്ട മേൽമണ്ണ് നമ്മുടെ ഭൂപ്രതലങ്ങളിൽ നിന്നും നഷ്ടപ്പെടുന്നതാണ് ഇതിനു കാരണമെന്നതാണ് വസ്തുതാ പരമായ നിരീക്ഷണം. നമ്മുടെ ഭൂമിയെ ബാധിച്ചിട്ടുള്ള മാരകമായ ഈപ്രവണത നിരീക്ഷിക്കപ്പെടാത്തപക്ഷം **'ദൈവത്തിന്റെ സ്വന്തം നാട്'** തിരോഭവിക്കുമെന്നതിന് സംശയമില്ല. എന്നാൽ ഫലപ്രദമായ ഭൂവിഭവസംരക്ഷണത്തിന് സംഘടിതവും ശക്തവും വ്യാപകവുമായ ജനമുന്നേറ്റംതന്നെ ഉണ്ടാകേണ്ടതുണ്ട്.

***2008 നവംബർ 14 മുതൽ 20 വരെ ദേശീയ ഭൂവിഭവ സംരക്ഷണ വാരമായി ആഘോഷിക്കുവാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുകയാണ്.*** ഭൂവിഭവ സംരക്ഷണത്തിന്റെ പ്രാധാന്യം അർഹമായ ഗൗരവത്തോടെ ഇളം തലമുറകളെ ബോദ്ധ്യപ്പെടുത്തുന്നതിനായി ഭൂവിഭവ സംരക്ഷണവാരം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സമുചിതമായി ആഘോഷിക്കേണ്ടതാണ്.

## പരിപാടിയുടെ ഭാഗമായി സ്കൂളുകൾ അനുവർത്തിക്കേണ്ട നടപടി ക്രമം 14/11/2008- പ്രധാന അദ്ധ്യാപകൻ സ്കൂൾ അസംബ്ളിയിൽ നൽകേണ്ടുന്ന വിവരണം

. . . . . . . . .

1. വാരാചരണത്തിന്റെ പശ്ചാത്തലവും, മണ്ണ്, ജലം തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെ പ്രാധാന്യവും വ്യക്തമാക്കിക്കൊണ്ട് പ്രധാന അദ്ധ്യാപകൻ സ്കൂൾ അസംബ്ളിയിൽ നൽകുന്ന വിവരണം (പരമാവധി 10 മിനിട്ട് )

2. തുടർന്ന് ജല സംരക്ഷണ പ്രതിജ്ഞ

### <u>പ്രതിജ്ഞ</u>

I. ഞാൻ പാദമൂന്നിനിൽക്കുന്ന ഈ ഭൂമി അപൂർവ്വവും അമൂല്യവും സുന്ദരവുമാണ്.

II. ഈ ഭൂമി എന്റേയും മറ്റെല്ലാ ജീവജാലങ്ങളുടേയും ആലയമാണെന്ന് ഞാൻ അറിയുന്നു. അതിനെ ഞാൻ ഉത്തമമായി വിശ്വസിക്കുന്നു.

III. ഈ ഭൂമിയിലെ പാടങ്ങളിലും പറമ്പുകളിലുമുള്ള മേൽമണ്ണാണ് എനിക്ക് ഭക്ഷണം തരുന്നതെന്ന് ഞാൻ ബോധ്യപ്പെടുന്നു. അതിനെ ഞാൻ അഭിമാനത്തോടെ പ്രകീർത്തിക്കുന്നു.

IV. ശുദ്ധജലത്തിന്റെ ഉറവകളൊരുക്കി നമുക്ക് രക്ഷയാകുന്നത് ഈ ഭൂമിയിലെ മണ്ണാണെന്ന് ഞാൻ തിരിച്ചറിയുന്നു. അതിനെ ഞാൻ ഉചിതമായി പൂജിക്കുന്നു.

V. ഈ ഭൂമിയിലെ മണ്ണ് ഇതുവരെയുള്ള തലമുറകളെ എങ്ങനെ പുലർത്തിയോ അങ്ങനെ തന്നെ അത് വരും തലമുറകളെയും പുലർത്തട്ടെ; അങ്ങനെ ഞാൻ പ്രാർത്ഥിക്കുന്നു. അതിനെ ഞാൻ എന്റെ പ്രാണനെപ്പോലെ കരുതുകയും സംരക്ഷിക്കുകയും ചെയ്യും.

3. സ്കൂളിലെ ഓരോ ക്ലാസ്സിന്റെയും ചുമതലയുള്ള അദ്ധ്യാപകർ/അദ്ധ്യാപിക അതാതു ക്ലാസ്സിൽ നിന്നും ആറു കുട്ടികളെ വീതം തിരഞ്ഞെടുക്കുകയും അതിൽ ഓരോ കുട്ടിയും ഒരു ദിവസം വീതം (14/11/2008 മുതൽ 20/11/2008 വരെ) അഞ്ച് മിനിട്ട് ദൈർഘ്യമുള്ള ഒരു പ്രസംഗം (മണ്ണ്,ജലസംരക്ഷണം എന്ന വിഷയത്തെ ആധാരമാക്കിയുള്ളത് ) തയ്യാറാക്കി അതാത് ക്ലാസ്സിൽ വായിക്കുകയും ചെയ്യണം.

4. ഓരോ പ്രസംഗത്തിന്റേയും പകർപ്പ് ക്ലാസ്സ് ടീച്ചർ സാക്ഷ്യപ്പെടുത്തി (കുട്ടിയുടെ പൂർണ്ണമായ വിലാസത്തോടുകൂടിയത്) ക്ലാസ്സ് അടിസ്ഥാനത്തിൽ ശേഖരിച്ച അതാത് സ്കൂളിൽ തന്നെ സൂക്ഷിക്കണം.

ഈ പകർപ്പുകൾ മണ്ണു സംരക്ഷണ വകുപ്പിന്റെ ചുമതലയിൽ ശേഖരിക്കുന്നതും മൂല്യനിർണ്ണയം നടത്തി മികച്ച രചനകൾക്ക് സംസ്ഥാനതലത്തിൽ പുരസ്കാരങ്ങളും സാക്ഷ്യപത്രങ്ങളും നൽകുന്നതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

പകർപ്പ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ
അസിസ്റ്റന്റ് വിദ്യാഭ്യാസ ആഫീസർമാർ
ഡെപ്യൂട്ടി ഡയറക്ടർമാർ, ഹെഡ്മാസ്റ്റർമാർ